# **പന്ത്രണ്ടാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

## **നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 സെപ്റ്റംബർ 8, ചൊവ്വ

പന്ത്രണ്ടാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം 2009 സെപ്റ്റംബർ മാസം 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### **അടിയന്തിരപ്രമേയം**

മുത്തൂറ്റ് പോൾ എം. ജോർജ് വധക്കേസ്

മി. സ്പീക്കർ: മുത്തൂറ്റ് പോൾ എം. ജോർജ് വധക്കേസിലെ കുറ്റവാളികളെ രക്ഷപ്പെടുത്താൻ സഹായകമായ രീതിയിൽ പഴുതുകൾ സൃഷ്ടിച്ചുകൊണ്ട് ചില ഉന്നത കേന്ദ്രങ്ങളും അന്വേഷണ ഉദ്യോഗസ്ഥന്മാരും ഇടപെടുന്നുവെന്ന വാർത്ത നീതിന്യായ വ്യവസ്ഥയുടെ വിശ്വാസ്യതയെ തകർക്കുന്നതായി പറയപ്പെടുന്ന ഉത്ക്കണ്ഠാജനകമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ്കുമാർ, കെ.കെ. ഷാജു, പി.സി. ജോർജ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): എറണാകുളം മുത്തൂറ്റ് ഗ്രൂപ്പിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായ പോൾ എം. ജോർജ് 21-8-2009 അർദ്ധരാത്രി 12.15 മണിയോടു കൂടി ആലപ്പുഴ ചങ്ങനാശ്ശേരി റോഡിൽ കൊല ചെയ്യപ്പെട്ട സംഭവം സംബന്ധിച്ച് ഡ്രൈവർ ഷിബു തോമസിന്റെ മൊഴിയുടെ അടിസ്ഥാന ത്തിൽ നെടുമുടി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. എറണാകുളം റേഞ്ച് ഐ.ജി.യുടെ നേതൃത്വത്തിൽ രൂപീകരിച്ച സ്പെഷ്യൽ ടീം 19 പ്രതികളെ അറസ്റ്റ് ചെയ്യുകയും മരണപ്പെട്ട പോൾ എം. ജോർജിനെ ആശുപത്രിയിൽ കൊണ്ടുപോകാനുപയോഗിച്ച സ്കോർപിയോ കാറും സംഭവ സമയത്ത് അദ്ദേഹം സഞ്ചരിച്ചിരുന്ന എൻഡവർ കാറും പ്രതികൾ സഞ്ചരിച്ചിരുന്ന ടെമ്പോ ട്രാവലറും കസ്റ്റഡിയി ലെടുത്ത് സയന്റിഫിക് അസിസ്റ്റന്റിന്റെ നേതൃത്വത്തിൽ പരിശോധന നടത്തു കയും തെളിവുകൾ ശേഖരിക്കുകയും അതിനുള്ളിൽ നിന്നും കണ്ടെടുത്ത മുതലുകൾ കസ്റ്റഡിയിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പോൾ എം. ജോർജും ഓംപ്രകാശും പുത്തൻപാലം രാജേഷും തമ്മിലുള്ള ബന്ധത്തെ ക്കുറിച്ചും പോൾ എം. ജോർജ് ഓടിച്ചുവന്ന എൻഡവർ കാറുമായി കടന്ന സംഘത്തെക്കുറിച്ചും ചങ്ങനാശ്ശേരിയിലുള്ള സംഘം ആലപ്പുഴയിലെത്തിയ തിനെക്കുറിച്ചും സംഭവത്തിൽ എന്തെങ്കിലും ഗൂഢാലോചന നടന്നിട്ടുണ്ടോ യെന്നതിനെക്കുറിച്ചും കാര്യക്ഷമമായ അന്വേഷണം നടത്തിവരുന്നു. ഓംപ്രകാശിനേയും പുത്തൻപാലം രാജേഷിനേയും അറസ്റ്റു ചെയ്യുന്നതി നുള്ള തീവ്രശ്രമം നടത്തിവരികയാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പ്രധാനപ്പെട്ട രണ്ട് പ്രതികളെക്കുറിച്ച് ഒന്നും സൂചിപ്പിച്ചില്ല. ഓംപ്രകാശിനേയും പുത്തൻപാലം രാജേഷിനേയും ചോദ്യം ചെയ്യാതെ ഈ കേസിലെ യാഥാർത്ഥ്യം പുറത്തുകൊണ്ടുവരാൻ കഴിയില്ല. പോസ്റ്റു മോർട്ടം റിപ്പോർട്ട് കിട്ടുന്നതിനുമുമ്പുതന്നെ 24.8.2009-ന് അന്വേഷണ ഉദ്യോഗസ്ഥനായ ഐ.ജി. നടത്തിയ പത്രസമ്മേളനത്തിൽ 'S' ആകൃതി യിലുള്ള ആയുധം കൊണ്ടാണ് പോളിനെ പിന്നിൽനിന്നും കുത്തിയതെന്നും അദ്ദേഹം ഓടിച്ചുവന്ന വാഹനത്തിൽവച്ചല്ല കൊലപാതകം നടന്നതെന്നും പറഞ്ഞ് കുറ്റവാളികളെ രക്ഷിക്കുന്നതിനുമുള്ള ശ്രമം നടത്തുകയുണ്ടായി. പത്രസമ്മേളനം നടന്ന ദിവസം വൈകുന്നേരം ആലപ്പുഴ പോലീസ് ക്ലബ്ബിൽ പോലീസ് ഉദ്യോഗസ്ഥന്മാരുടെ യോഗം ചേരുകയും അന്നുരാത്രി 10.30-ന് എറണാകുളം നോർത്തിലെ സി.ഐ. ശ്രീ. കെ.എ. തോമസ് ആലപ്പുഴ ചാത്താങ്കുളം വീട്ടിൽ താമസിക്കുന്ന കൊല്ലപ്പണിക്കാരനെ നേരിട്ടുകണ്ട് 'S' ആകൃതിയിലുള്ള ഒരു കത്തിയും മറ്റൊരു കത്തിയും ഉണ്ടാക്കുന്നതിനായി 500 രൂപ കൊടുക്കുകയും 'S' ആകൃതിയിലുള്ള കത്തി വാങ്ങിക്കൊണ്ടു പോവുകയും ചെയ്തു. കൊല ചെയ്യാനുപയോഗിച്ച 'S' ആകൃതിയിലുള്ള കത്തി സാധാരണ ആർ.എസ്.എസ്.കാരാണ് ഉപയോഗിക്കുന്നതെന്നും കൊലനടത്തിയത് ആർ.എസ്.എസ്.മായി ബന്ധമുള്ളവരാണെന്നും അന്വേഷ ണത്തിൽ കണ്ടെത്തിയതായി പിന്നീട് പത്രസമ്മേളനം നടത്തിയ ശ്രീ. പിണറായി വിജയൻ പറഞ്ഞു. സത്യം പുറത്തുകൊണ്ടുവരാൻ ശ്രമിച്ച മാധ്യമപ്രവർത്തകരെ നിരുത്സാഹപ്പെടുത്തുന്ന നടപടികളാണുണ്ടായി ട്ടുള്ളത്. ഇരുപതോളം പോലീസുകാർ സതീശനേയുംകൊണ്ട് വീട്ടിൽ വന്ന്

മഞ്ഞ പേപ്പറിൽ പൊതിഞ്ഞ കത്തി കട്ടിലിനടിയിലിട്ടതിനുശേഷം സതീശനെ ക്കൊണ്ട് അത് എടുപ്പിച്ചു എന്നാണ് അയാളുടെ അമ്മ പറഞ്ഞത്. പ്രതികൾ ചവറയിൽ ഉപേക്ഷിച്ചുപോയ വാഹനം സംശയാസ്പദമായ സാഹചര്യ ത്തിൽ കണ്ടതായി നാട്ടുകാർ അറിയിച്ചതിനെത്തുടർന്ന് എത്തിയ പോലീസ് അതിനുള്ളിലുണ്ടായിരുന്ന സാധനങ്ങൾ എടുത്തുകൊണ്ടുപോയി. ഗുണ്ടകളായ ഓംപ്രകാശിനേയും പുത്തൻപാലം രാജേഷിനേയും രക്ഷിക്കാൻ അത്യുന്നതങ്ങളിൽ നിന്നുമുള്ള ഇടപെടലുകളാണ് നടക്കുന്നത്. കത്തി പണിയിക്കാൻ പോയ പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കുകയും അവരെ ഡിപ്പാർട്ടുമെന്റിൽ നിന്നും പിരിച്ചുവിടുകയും ചെയ്യണം. കൊലപാ തകക്കേസ് ഒതുക്കിത്തീർക്കുന്നതിനും ഗുണ്ടകളെ സംരക്ഷിക്കുന്നതിനും ഉന്നതോദ്യോഗസ്ഥർ നടത്തുന്ന തീവ്രശ്രമങ്ങൾക്ക് കൂട്ടുനിൽക്കുന്ന ആഭ്യന്ത രവകുപ്പുമന്ത്രി രാജിവയ്ക്കണം. അതീവഗുരുതരമായ ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഉദ്യോഗസ്ഥരുടെ മനോവീര്യം തകർക്കുന്നതിനും അന്വേഷണം വഴിതിരിച്ചുവിടുന്നതിനുമുള്ള ആസൂത്രി തമായ ശ്രമമാണ് നടക്കുന്നത്. പോൾ.എം. ജോർജ് യാത്ര ചെയ്തുവരുന്ന സമയത്ത് ഒരു സംഘം ആളുകൾ നടത്തിയ കൊലപാതകമായിട്ടാണ് ഈ കേസിന്റെ റിപ്പോർട്ട് വന്നിരിക്കുന്നത്. സംഭവസ്ഥലത്തുനിന്നും ലഭിച്ച മൊബൈൽ ഫോണുമായി ബന്ധപ്പെട്ട അന്വേഷണത്തിലാണ് ആലപ്പുഴയിലെ ആരോ എൽപിച്ച ക്വട്ടേഷൻ പ്രവർത്തനത്തിനായി ചങ്ങനാശ്ശേരിയിലെ ഒരു സംഘം ആളുകൾ അങ്ങോട്ടുപോയിരുന്നതായി മനസ്സിലാക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം ആരംഭിക്കുന്നത്. ഓംപ്രകാശും പുത്തൻപാലം രാജേഷും ഒഴികെ 19 പ്രതികളേയും പോലീസ് അറസ്റ്റ്

ചെയ്തിട്ടുണ്ട്. തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറാണ് ഇതു സംബന്ധിച്ച് അന്വേഷണം നടത്തി വിശദവിവരങ്ങൾ പുറത്തു കൊണ്ടുവന്നത്. കത്തിയെ സംബന്ധിച്ച് വന്ന വാർത്തകളിൽ വസ്തുതയുണ്ടോ എന്നത് സംബന്ധിച്ച് എ.ഡി.ജി.പി.യുടെ നേതൃത്വത്തിൽ ഊർജ്ജിതമായ അന്വേഷണം നടത്തുന്നുണ്ട്. പോലീസിനു ലഭിച്ചിട്ടുള്ള എല്ലാ തെളിവുകളും കോടതിയിൽ ഹാജരാക്കുന്നതാണ്. സർക്കാരിന് ഇക്കാര്യത്തിൽ ഒന്നും മറച്ചു വയ്ക്കാനില്ല. കുറ്റക്കാരെ എത്രയുംവേഗം നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ ശ്രമിക്കുന്നതാണ്. ഉന്നത ഉദ്യോഗസ്ഥരടങ്ങുന്ന സ്പെഷ്യൽ സ്ക്വാഡാണ് ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നത്. പോൾ എം. ജോർജ്ജിന്റെ കൂടെ യാത്ര ചെയ്തിരുന്ന ഗുണ്ടകളെ പിടികൂടാൻ കഴിയാത്തത് ഗുരുതരമായ വീഴ്ചയായി ഗവൺമെന്റ് കരുതുകയാണ്. ഓംപ്രകാശിനേയും പുത്തൻപാലം രാജേഷിനേയും അറസ്റ്റ് ചെയ്യാൻ ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവർ രണ്ടുപേരും നിരവധി കേസ്സുകളിൽ പ്രതികളായിരുന്നുവെന്നാണ് അന്വേഷണത്തിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത്. ഈ കേസ്സുമായി ബന്ധപ്പെട്ട് ആരേയും രക്ഷപ്പെടാൻ ഗവൺമെന്റ് അനുവദിക്കുന്നതല്ല. ഇക്കാര്യം സഭാ നടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

( ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി.ടി അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തുകയും അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ച് വന്ന് പ്രസ്തുത വിഷയം സഭാനടപടികൾ നിറുത്തിവച്ച്

ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുമ്പിൽ വന്നുനിന്ന് മുദ്രാവാക്യങ്ങൾ വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അജണ്ടയിലെ അടുത്ത നടപടിയിലേയ്ക്ക് കടന്നു.)

**ശ്രദ്ധ ക്ഷണിക്കൽ**

ആസിയാൻ സ്വതന്ത്ര വ്യാപാര കരാർ

പ്രൊഫ. സി. രവീന്ദ്രനാഥ് : കേന്ദ്ര സർക്കാർ ആസിയാൻ രാജ്യങ്ങളുമായി സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പിട്ടതുമൂലം കേരളത്തിലെ കർഷകരും മത്സ്യത്തൊഴിലാളികളും അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സംസ്ഥാനത്തെ കൃഷിക്കാർ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന അതീവ ഗുരുതരമായ പ്രതിസന്ധി പരിഹരിക്കുന്നതിന് ഗവൺമെന്റ് സജീവമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് പരിഗണന**

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2009-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ (ഭേദഗതി) ബിൽ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : 2009-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : 2009-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എം.കെ. പ്രേമചന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ബാബു പോൾ: 2009-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-09-2009 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

2009-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലിക നിർത്തിവയ്ക്കൽ (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) 2009-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ ഗുരുദാസൻ) : 2009-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ ഗുരുദാസൻ) : 2009-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എം.കെ. പ്രേമചന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി കെ.എസ്. സലീഖ : 2009-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2009 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി : 2009-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ ഗുരുദാസൻ) : 2009-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

2009-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ രാവിലെ 10.35-ന് പിരിഞ്ഞു.